# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2105** 17.02.2016 ൽ മറുപടിക്ക്

## പുതുതായി അനുവദിച്ച ട്രെയിനുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.തിലോത്തമൻ : | | ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പുമന്ത്രി) | |
| (എ) | എറണാകുളം-കായംകുളം തീരദേശ റെയിൽ പാതയിലൂടെ ഈ സർക്കാർ കാലയളവിൽ പുതിയതായി അനുവദിച്ചുംകിട്ടിയതും ദീർഘിപ്പിച്ചു കിട്ടിയതുമായ ട്രെയിനുകൾ ഏതെല്ലാമെന്ന് പറയാമോ; പുതിയ ട്രെയിനുകളും ബോഗികളും അനുവദിച്ചു കിട്ടുന്നതിന് സംസ്ഥാന സർക്കാർ റെയിൽവേ മന്ത്രാലയത്തിൽ ആവശ്യങ്ങൾ സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | എറണാകുളം-കായംകുളം തീരദേശ റെയിൽ പാതയിലൂടെ ഈ സർക്കാർ കാലയളവിൽ പുതിയതായി അനുവദിച്ചുംകിട്ടിയതും ദീർഘിപ്പിച്ചു കിട്ടിയതുമായ ട്രെയിനുകൾ സംബന്ധിച്ച കൃത്യമായ വിശദാംശങ്ങൾ റെയിൽവേയിൽ നിന്നും ശേഖരിച്ച് നൽകുന്നതാണ്.<br>സംസ്ഥാനത്തെ പാർലമെന്റ് അംഗങ്ങളു മായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ റെയിൽ വികസനവുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ പ്രത്യേക മെമ്മോറാണ്ടം 2016-17 ലെ റെയിൽവേ ബഡ്ജറ്റിന് മുന്നോടിയായി ബഹു. മുഖ്യമന്ത്രിയും ബഹു. ഊർജ്ജ വകുപ്പുമന്ത്രിയും എം.പിമാരും ചേർന്ന് നേരിട്ട് ബഹു. പ്രധാനമന്ത്രിയ്ക്കും ബഹു. കേന്ദ്ര റെയിൽവേ മന്ത്രിയ്ക്കും നൽകുകയുണ്ടായി. ടി മെമ്മോറാണ്ടത്തിൽ നിലമ്പൂർ - തിരുവനന്തപുരം രാജ്യറാണി എക്സ്പ്രസ്സ് ഒരു സ്വതന്ത്ര ട്രെയിനായി സർവ്വീസ് നടത്തുക, തിരുവനന്തപുരം-മധുര-വേളാങ്കണ്ണി എന്നീ തീർത്ഥാടന കേന്ദ്രങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് ഭാരത് തീർത്ഥ ട്രെയിൻ ആരംഭിക്കുക, തിരുവനന്തപുരം - മംഗലാപുരം ഇന്റർസിറ്റി എക്സ്പ്രസ്സ് |

| | | | |
|---|---|---|---|
| | | | ആരംഭിക്കുക, തമിഴ്നാട്, കേരള, കർണ്ണാടക, ഗോവ തുടങ്ങിയ സംസ്ഥാനങ്ങളെ ബന്ധിപ്പിച്ച് കന്യാകുമാരി-ഗോവ ടൂറിസ്റ്റ് ട്രെയിൻ ആരംഭിക്കുക, തിരുവനന്തപുരം - നിസ്സാമുദ്ദീൻ രാജധാനി എക്സ്പ്രസ്സ് ദിവസേന സർവ്വീസ് നടത്തുക. കോട്ടയം വഴിയുള്ള കണ്ണൂർ - തിരുവനന്തപുരം ജനശതാബ്ദി ട്രെയിൻ ദിനംപ്രതിയാക്കുക. തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചിട്ടുണ്ട്. |
| (ബി) | ബോഗികളുടെ എണ്ണം കൂട്ടുന്നതിന് നിർദ്ദേശങ്ങൾ സമർപ്പിക്കുമ്പോൾ അനുവദിച്ചു കിട്ടുന്നത് റിസർവ്വേഷൻ ബോഗികളാണെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഇതുമൂലം സാധാരണക്കാരായ ദൈനംദിന യാത്രക്കാർക്ക് പ്രയോജനമില്ലാത്തതിനാൽ കംപാർട്ട് മെന്റുകൾ ജനറൽകൾകൂടി അനുവദിച്ചു കിട്ടുവാൻ നിർദ്ദേശങ്ങൾ സമർപ്പിക്കുമോ? | (ബി) | ദീർഘദൂര ട്രെയിനുകൾ പ്രധാനമായും സംസ്ഥാനത്തുനിന്നും ദൂരയാത്ര നടത്തുന്നവരെയും തിരികെയുള്ളവരെയും ഉദ്ദേശിച്ചിട്ടുള്ളവയാണ്. പ്രസ്തുത ട്രെയിനുകളിൽ ബോഗികളുടെ എണ്ണം കൂട്ടുമ്പോൾ വർദ്ധിച്ചുവരുന്ന ദീർഘദൂര യാത്രാവശ്യം കണക്കിലെടുത്ത് റിസർവ്വേഷൻ ബോഗികൾ അനുവദിക്കുന്നതാണ് ഉചിതം. |

സെക്ഷൻ ഓഫീസർ